8. കിലയുടെ കാമ്പസ് വിപുലീകരണം : കിലയുടെ തൃശ്ശൂർ കാമ്പസ് ഈ വർഷം വിപുലീകരിക്കും. അതോടൊപ്പം നവീകരിച്ച ഓഡിറ്റോറിയം പ്രവർത്തന സജ്ജമാക്കും.

9. പട്ടിക വർഗ്ഗ വികസന കാര്യശേഷി വികസന പരിപാടി : കിലയുടെ അട്ടപ്പാടി കേന്ദ്രം ആസ്ഥാനമാക്കി പട്ടികവർഗ്ഗ വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലിനായി സമഗ്രമായകാര്യ ശേഷി വികസന പരിപാടി തയ്യാറാക്കി പരിശീലനം ആരംഭിക്കും.

(ബി) കിലയ്ക്ക് എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഇപ്പോൾ അഞ്ച് ജില്ലകളിൽ കിലയുടെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് തൽക്കാലം പരിഗണന യിലില്ല.

(സി) സർക്കാർ സർവ്വീസിൽ ജോലിക്ക് കയറുന്ന എല്ലാ ജീവനക്കാർക്കും കില വഴി രണ്ടാഴ്ചത്തെ പരിശീലനം നൽകിയതിന് ശേഷം മാത്രം ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

തൽക്കാലം പരിഗണനയിലില്ല.

ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ

417 (5142) ശ്രീ. റ്റി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പിന്നാക്ക മേഖലയിലെ ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

&

(ബി) പ്രസ്തുത മേഖലയെ ലഹരി മുക്തമാക്കുന്നതിന് ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം ഫലപ്രദമാകുന്നുണ്ടോ?

ഉണ്ട്.

(സി) പൊതുജനങ്ങൾ ലഹരിക്ക് അടിമപ്പെടാതിരിക്കാൻ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നെന്ന് വിശദമാക്കാമോ?

ആദിവാസി ഊരുകളിലെ നിവാസികളെ പ്രത്യേകിച്ച് യുവജനങ്ങളെ ലഹരിയുടെ ഉപയോഗത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് വേണ്ടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ മുഖേന നടത്തിവരുന്നു. നിലവിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗ് സെന്ററു കളുടെയും ഡീ-അഡിക്ഷൻ സെന്ററുകളുടെയും സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഓരോ ആദിവാസി മേഖലയിലേയും യുവാക്കളുടെ ശ്രദ്ധ വിദ്യാഭ്യാസ കായിക

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കുന്നതിനും പഠനം മുടങ്ങിയവരെ കണ്ടെത്തി അവർക്ക് തുടർ പഠനം നടത്തുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ ഗുണകരമായി വിനിയോഗിക്കുന്നതിനുള്ള അറിയിപ്പുകൾ യഥാസമയം നൽകി വരുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്ലസ് ടു, ഡിഗ്രി പ്രവേശനവുമായി ബന്ധപ്പെട്ട് അലോട്ട്മെന്റ്/ഓപ്ഷൻ തുടങ്ങിയ സേവനങ്ങളും നൽകുന്നുണ്ട്.

(ഡി) കൂടുതൽ ആദിവാസി പിന്നാക്ക മേഖലകളിൽ പ്രസ്തുത സ്റ്റാഡുകൾ തുപീകരിച്ച് പ്രവർത്തനം വിപുലീകരിക്കുമോ?

ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു.

ജനമൈത്രി എക്സൈസ് പ്രവർത്തനം

418 (5143) ശ്രീ ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് എക്സൈസ് വകുപ്പിൽ നിയമനം നൽകിയിട്ടുള്ളത്?

എക്സൈസ് വകുപ്പിൽ വയനാട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികവർഗ്ഗ വിഭാഗക്കാരായ 17 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ വയനാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

വയനാട് ജില്ലയിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 5-ഉം സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 3-ഉം വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 5 ഒഴിവുകളും നിലവിലുണ്ട്.

(സി) ജനമൈത്രി എക്സൈസ് പ്രവർത്തനം വയനാട് ജില്ലയിലെ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമോ?

ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു.

എക്സൈസ് പിടിച്ചെടുത്ത ലഹരി വസ്തുക്കൾ

419 (5144) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലത്ത് സംസ്ഥാനത്ത് എക്സൈസ് പിടിച്ചെടുത്ത കഞ്ചാവ്, വ്യാജമദ്യം, മറ്റ് ലഹരി വസ്തുക്കൾ സംബന്ധിച്ച കേസുകളുടെ വിവരം ഇനം, ജില്ല തിരിച്ച് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly